**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **20-06-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിലെ തൊണ്ടർനാട്, പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം, കോട്ടയം ജില്ലയിലെ നീണ്ടൂർ, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ, പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോഴിക്കോട് ജില്ലയിലെ പനങ്ങാട്, കണ്ണൂർ ജില്ലയിലെ ചെറുതാഴം എന്നീ 8 കൃഷി ഭവനുകളെയാണ് ഇതിനകം സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റിയിട്ടുള്ളത്. |
| (ബി) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ മാടപ്പള്ളി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത കൃഷിഭവൻ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ ഇത് സംബന്ധിച്ച് ശുപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ